പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1411 13. 06. 2014- ലെ മറുപടി

നിതാഖാത്ത് നിയമം - മടങ്ങിയെത്തിയ പ്രവാസികളെ പുനരധിവസിപ്പിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) സൌദി അറേബ്യയിലെ നിതാഖാത്ത് പ്രശ്നവുമായി ബന്ധപ്പെട്ട് പ്രവാസ ജീവിതം അവസാനിപ്പിക്കേണ്ടിവന്നവരെ പുനരധിവസിപ്പിക്കുന്നതിന് ഇതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;<br><br>(ബി) ഇങ്ങനെയുള്ളവരുടെ ക്ഷേമത്തിനായി എന്തെങ്കിലും പുതിയ നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ എന്നും അവ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ? | (എ & ബി) നിതാഖത്ത് മൂലം തിരികെയെത്തിയവർക്ക് നോർക്ക വകുപ്പിന്റെ നിലവിലുള്ള ക്ഷേമ പദ്ധതികളായ, സാന്ത്വന, ചെയർമാൻ ഫണ്ട് എന്നീ ധനസഹായ പദ്ധതികളുടെയും, തിരികെയെത്തി സ്വയം സംരംഭങ്ങൾ തുടങ്ങുവാൻ ആഗ്രഹിക്കുന്നവരെ സഹായിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള നോർക്ക ബിസിനസ്സ് സഹായക കേന്ദ്രം, തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള തൊഴിൽ വൈദഗ്ദ്ധ്യ പരിശീലന പരിപാടി തുടങ്ങിയ പദ്ധതികളുടെ ആനുകൂല്യത്തിനും അർഹതയുണ്ടായിരിക്കുന്നതാണ്. സൌദി അറേബ്യയിലെ നിതാഖത്ത് നിയമം മറ്റ് ഗൾഫ് രാജ്യങ്ങളിൽ നടപ്പിലാക്കി വരുന്ന സ്വദേശിവത്കരണ നിയമം എന്നിവ മൂലം തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലെത്തുന്ന പ്രവാസികളുടെ പുനരധിവാസം മുൻ നിർത്തി സമഗ്രമായ ഒരു പുനരധിവാസ പാക്കേജിന് രൂപം നൽകി അത് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br><br>പ്രസ്തുത പുനരധിവാസ പാക്കേജിന്റെ പ്രധാന ഘടകങ്ങൾ താഴെപ്പറയും പ്രകാരമാണ്.<br><br>• തിരികെയെത്തിയ പ്രവാസികളെ വിദേശരാജ്യങ്ങളിലേക്ക് തന്നെ തൊഴിലിനായി മടക്കി അയക്കുക.<br>• ആഭ്യന്തര തൊഴിൽ മേഖലയിലേക്ക് പ്രവാസികളുടെ പുനരേകീകരണം<br>• സ്വയം സംരംഭക സഹായ പദ്ധതി<br>• സഹകരണ സ്ഥാപനങ്ങൾ സ്ഥാപിക്കുക<br>• സ്വയം തൊഴിൽ / നിക്ഷേപ സംരംഭങ്ങൾ |

ഗൾഫ് നാടുകളിൽ നിന്നും തിരികെയെത്തിയ പ്രവാസി മലയാളികൾക്ക് വേണ്ടി സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി നോർക്ക ഡിപ്പാർട്ട് മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM) എന്ന നാമധേയത്തിൽ ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ട്. പരമാവധി 20 ലക്ഷം രൂപ വരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന സ്വയം തൊഴിൽ സംരംഭങ്ങൾക്ക് 10% മൂലധന സബ്സിഡി അനുവദിക്കുന്നതാണ് പദ്ധതി. 2 വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത ശേഷം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾ, ഇത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയാണ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹർ. 2013 ജൂൺ ഒന്നു മുതൽ ജൂലൈ 15 വരെ പദ്ധതിയുടെ ആനുകൂല്യത്തിനായി അപേക്ഷ സ്വീകരിച്ചിരുന്നു. തിരികെയെത്തിയ ഇരുപതിനായിരത്തിലധികം പ്രവാസി മലയാളികൾ ഈ പദ്ധതിയുടെ ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷകൾ വിവിധ മേഖലകളിലായി തരംതിരിച്ച് ജില്ല/താലൂക്ക് അടിസ്ഥാനത്തിൽ സംരംഭകർക്ക് ബോധവൽക്കരണ/പരിശീലന പരിപാടികൾ സംഘടിപ്പിച്ച് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ സംരംഭകർക്ക് ബാങ്ക് വായ്പ ലഭ്യമാക്കി പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

സെക്ഷൻ ഓഫീസർ